**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 72** **26-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടയ ഭൂമിയിലെ മരംമുറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. റോജി എം. ജോൺ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പട്ടയ ഭൂമിയിൽ കർഷകർ നട്ടുവളർത്തിയതും സ്വാഭാവികമായി വളർന്നു വന്നതുമായ മരങ്ങൾ മുറിക്കുന്നതു സംബന്ധിച്ച് വ്യക്തത വരുത്താൻ റവന്യൂ വകുപ്പ് 11.03.2020-ൽ ഉത്തരവ് ഇറക്കിയിരുന്നോ; | (എ) | 11.03.2020 ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നില്ല. 11.03.2020 ൽ സർക്കുലറാണ് പുറപ്പെടുവിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത ഉത്തരവ് പ്രകാരം പട്ടയഭൂമിയിലെ ചന്ദനം ഒഴികെയുള്ള എല്ലാ മരങ്ങളും മുറിക്കാമെന്ന നിലപാട് സർക്കാർ സ്വീകരിച്ചിരുന്നോ; | (ബി) | ഇല്ല. പ്രസ്തുത സർക്കുലർ പ്രകാരം കർഷകർ നട്ടുവളർത്തിയതും പട്ടയഭൂമിയിൽ നിലനിർത്തിയതുമായ എല്ലാ വൃക്ഷങ്ങളുടെയും ഉടമസ്ഥാവകാശം പട്ടാദാർക്കാണെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. |
| (സി) | വൺ എർത്ത് വൺ ലൈഫ് എന്ന സംഘടന നൽകിയ കേസിൽ പ്രസ്തുത ഉത്തരവ് കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരുന്നോ; | (സി) | വൺ എർത്ത് വൺ ലൈഫ് എന്ന സംഘടന ബഹു.കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) 13678/2020 നമ്പർ കേസിലെ 8.07.2020 ലെ വിധിയിൽ 11.03.2020 ലെ യു3/187/2019/റവന്യൂ നമ്പർ സർക്കുലർ സ്റ്റേ ചെയിതിട്ടുണ്ട്. |
| (ഡി) | 24.10.2020-ന് റവന്യൂ വകുപ്പ് ഉത്തരവിറക്കുന്നതിനു മുൻപ് മേല്പറഞ്ഞ കാരണങ്ങൾ ചൂണ്ടിക്കാട്ടി ഏതെങ്കിലും ഉദ്യോഗസ്ഥർ ഈ ഉത്തരവ് സംബന്ധിച്ച ഫയലിൽ വിയോജന കുറിപ്പ് രേഖപ്പെടുത്തിയിരുന്നോ വിശദാംശങ്ങൾ നൽകാമോ; | (ഡി) | 24.10.2020 ലെ ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുൻപായി പ്രസ്തുത ഉത്തരവ് സംബന്ധിച്ച് ആരും വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിരുന്നില്ല. പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നിർദ്ദേശത്തിന് മുൻപുള്ള കുറിപ്പിൽ 11.03.2020 ലെ സർക്കുലറിനെ സംബന്ധിച്ച മാത്രമാണ് പരാമർശിച്ചിരുന്നത്. |
| (ഇ) | പ്രസ്തുത നിലപാടെടുത്ത ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ സ്ഥലം മാറ്റം അടക്കമുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ഇ) | നിലപാട് എടുത്തതിന്റെ പേരിൽ ഒരുദ്യോഗസ്ഥനെതിരെയും ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടില്ല. റവന്യൂ വകുപ്പിൽ 3 വർഷം സർവ്വീസ് പൂർത്തിയാക്കിയ സൂപ്പർവൈസറി കേഡറിലുള്ള എല്ലാ ഉദ്യോഗസ്ഥരെയും സ്ഥലം മാറ്റുന്നതിന് നടപടി സ്വീകരിച്ചിരുന്നു. അതിന്റെ ഭാഗമായി ഈ ഫയൽ കൈകാര്യം ചെയ്തിരുന്ന ചില ഉദ്യോഗസ്ഥരെയും സ്ഥലം മാറ്റിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ